## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1385

12.03.2015-ൽ മറുപടിയ്ക്ക്

### പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക തുക

| ചോദ്യം<br>**ശ്രീ. കെ. അജിത്** | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ ജോലി ചെയ്ത കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയ പാത വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്. |
| (ബി) ജോലികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിച്ച ഏതു മാസം വരെയുള്ള തുകയാണ് ഇതുവരെ കൊടുത്തു തീർത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) 31.12.2013 വരെയുള്ള ബില്ലുകളാണ് അവസാനമായി മാറിയത് |
| (സി) കരാറുകാരുടെ കുടിശ്ശിക തുക പൂർണ്ണമായും എന്ന് കൊടുത്തു തീർക്കാനാവുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ബില്ലുകൾ യഥാക്രമം 2015 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ സർക്കാർ നൽകുമെന്ന് ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ കരാറുകാർക്ക് ബാങ്കുകളിൽ നിന്നും ഉടൻ പണം ലഭ്യമാക്കാൻ വേണ്ടി ബിൽ ഡിസ്കൗണ്ട് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകയും ബില്ലുകളുടെ മുൻഗണനാക്രമമനുസരിച്ച് തുടർന്നുള്ള മാസങ്ങളിൽ കൊടുത്തു തീർക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ